**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1838** **19-01-2021 - ൽ മറുപടിയ്ക്ക്**

**സെസ്സ് ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ലഭിച്ച വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ സെസ്സ് തുക ഈടാക്കുന്നുണ്ടോ; എങ്കിൽ ഏത് നിരക്കിൽ; വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഈടാക്കി വന്നിരുന്ന സെസ്സിന്റെ നിരക്ക് ചുവടെ ചേർക്കുന്നു. 1. 14 രൂപ വരെ – ഇല്ല 2. 15 രൂപ മുതൽ 24 രൂപ വരെ - 1 രൂപ 3. 25 രൂപ മുതൽ 49 രൂപ വരെ – 2 രൂപ 4. 50 രൂപ മുതൽ 74 രൂപ വരെ – 3 രൂപ 5. 75 രൂപ മുതൽ 99 രൂപ വരെ – 4 രൂപ 6. 100 രൂപയും അതിന് മുകളിലും – 10 രൂപ |
| (ബി) | ഓർഡിനറി ബസ്സുകളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി അതിലെ സെസ്സ് ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സെസ്സ് ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ഇതിനകം ലഭിച്ച വരുമാനം എത്രയാണെന്ന് അറിയിക്കാമോ; | (സി) | സെസ്സ് ഇനത്തിൽ 456,76,26,912/- രൂപയാണ് വരുമാനമായി ലഭിച്ചത്. |
| (ഡി) | സെസ്സ് ഒഴിവാക്കുന്നതിലൂടെ ഉണ്ടാകുന്ന വരുമാന നഷ്ടം എപ്രകാരം നികത്തുവാൻ സാധിക്കുമെന്നാണ് കെ.എസ്.ആർ.ടി.സി. കണക്കാക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ യാത്രക്കാർ പൊതുഗതാഗത സംവിധാനം ഉപയോഗിക്കുന്നത് കുറഞ്ഞ സാഹചര്യത്തിൽ കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി 6 മാസത്തേയ്ക്ക് താൽക്കാലികമായി പരീക്ഷണാടിസ്ഥാനത്തിലാണ് ഓർഡിനറി, സിറ്റി ഫാസ്റ്റ്, ജൻറം നോൺ എ.സി സർവ്വീസുകളിൽ 49 രൂപ വരെയുള്ള ടിക്കറ്റിന് സെസ്സ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ